LIBRARY ARCHIVES Kerala Legislative Assembly

വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ വരുമാനം

150 (4141) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; എത്ര ജീവനക്കാരെ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തനത്തിന് പുറമെ മറ്റ് അന്വേഷണവും നികുതി തട്ടിപ്പും കണ്ടെത്തുന്നതിനുമായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ വീഴ്ച, അഴിമതി തുടങ്ങിയ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ ഓരോ വർഷവും ഇത്തരത്തിൽ എത്ര പേരെ കണ്ടെത്തി; ഇതിൽ അന്വേഷണ വിധേയമായി സസ്പെഷൻ, കടുത്ത ശിക്ഷ എന്നിവ ലഭിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വഹിച്ച പദവി എന്താണെന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഈ അവസരത്തിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച കണ്ടെത്തി ധനസമാഹരണം കുറ്റമറ്റതാക്കാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;വെളിപ്പെടുത്തുമോ ;

(ഡി) നടപ്പുവർഷം വിവിധ ചെക്ക്പോസ്റ്റുകളിൽ ഉദ്ദേശിച്ച നികുതി പിരിവ് എത്ര ; നാളിതുവരെ എത്ര പിരിച്ചു; നാളിതുവരെ ഏറ്റവും കൂടുതൽ തുക നികുതിയിനത്തിന് പിരിച്ചെടുത്ത ചെക്ക്പോസ്റ്റ്, ഏറ്റവും കുറഞ്ഞ തുക പിരിച്ചെടുത്ത ചെക്ക്പോസ്റ്റ് ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഇ) മറ്റ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുമൂലം ചെക്ക്പോസ്റ്റുകൾ വഴി വ്യാജ മദ്യം, കഞ്ചാവ് ഉൾപ്പെടെ പാൻമസാല ഉല്പന്നങ്ങൾ, സ്പിരിറ്റ്, വെടിക്കോപ്പുകൾ ഉൾപ്പെടെ വെടിമരുന്നുകൾ, കോഴികൾ, കാലികൾ തുടങ്ങിയവ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ ഇതു തടയുവാൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എ.ബി.സി. ക്ലാസ്സുകളിലായി 81 ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നു. ചെക്ക്പോസ്റ്റുകളുടെ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി 45 സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സർവ്വയലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 24 ജീവനക്കാരെ ഇതുവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു).* കടുത്ത ശിക്ഷ ലഭിച്ച ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ചെക്ക്പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ ചെക്ക്പോസ്റ്റുകളിലും 300 കിലോഗ്രാം വരെ ളക്കാവുന്ന വെയിംഗ് ബാലൻസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ വാളയാർ, ഗോപാലപുരം, നടുപ്പുണി, ഗോവിന്ദപുരം, മീനാക്ഷിപുരം, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബിൽറ്റ് ഓൺ ഓപ്പറേറ്റ് വ്യവസ്ഥയിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി ക്ലാസ് എന്നീ ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. വാളയാറിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷം മുൻകൂർ നികുതിയിനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലുമായി 30-11-2014 വരെ 728.95 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ&എഫ്) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുകൊണ്ടു മാത്രമല്ല ചരക്കുകൾ ചെക്ക്പോസ്റ്റുവഴിയല്ലാതെ നികുതി വെട്ടിച്ച് കടത്തുന്നത്. ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായ ഊടുവഴികളിലൂടെ സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ടിയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടിയും വാണിജ്യ നികുതി വകുപ്പ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് നിലവിൽ വന്നുകഴിഞ്ഞു.

വിൽപ്പന നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരിശോധനാ നടപടി

151 (4142) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ നികുതി വെട്ടിപ്പ് തടയാനായി ഇറക്കുമതി ഫർണിച്ചർ വില്പന സ്ഥാപനങ്ങൾ, കാർ ഉപകരണ വില്പന സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ എത്ര സ്ഥാപനങ്ങളിൽ വില്പന നികുതി വകുപ്പ് പരിശോധനകൾ നടത്തിയിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly